**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 644** **13-01-2021 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ വികസനപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . കെ . ശശി | | Shri M. M. Mani<br>(വൈദ്യുതി വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് എന്തെല്ലാം വികസനപ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത് എന്ന് വിശദമാക്കാമോ; ഓരോ പ്രവർത്തിക്കും അനുവദിച്ച തുകയും പ്രവർത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ, വൈദ്യുതി വകുപ്പ് ബോർഡിന്റെ തനതു ഫണ്ട്, സമ്പൂർണവൈദ്യുതീകരണ പദ്ധതി, MLA SDF, കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS, എന്നിവയിലുൾപ്പെടുത്തി 70 കി.മീ 11 കെ. വി ലൈനും, 119 കി. മീ എൽ.ടി ലൈനും നിർമ്മിക്കുകയും 94 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 17411 പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിൽ മാത്രം 1396 കണക്ഷനുകൾ നൽകിയിട്ടുണ്ട്. സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി 73.9 ലക്ഷം രൂപ ചെലവഴിക്കുകയും ഇതിൽ 18 ലക്ഷം രൂപ MLA യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ചെർപ്പുളശ്ശേരി ടൗണിലെ ലൈനുകളുടെ പുനഃക്രമീകരണ പ്രവൃത്തിയ്ക്കു ചെലവായ 40 ലക്ഷം രൂപയിൽ 20ലക്ഷം രൂപയും ഉത അമ്പലത്തിനു സമീപമുള്ള ലൈനുകൾ ഉയർത്തി സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്കു ചെലവായ 10 ലക്ഷം രൂപയിൽ 5 ലക്ഷം രൂപയും ബഹു എം. എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഷൊർണ്ണൂർ സബ് റീജിയണൽ സ്റ്റോർ ഓഫീസിനു വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനായി 95 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും കെട്ടിടനിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തി 183.6 ലക്ഷം രൂപയുടെ പ്രവൃത്തികളും നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിയ IPDS പദ്ധതിയിൽ ഉൾപ്പെടുത്തി 568.78 ലക്ഷം രൂപയുടെ |

| | | | |
|---|---|---|---|
| | | | പ്രവൃത്തികളും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടു കൂടി നടത്തുന്ന PPS പദ്ധതിയിൽ ഉൾപ്പെടുത്തി 6ലക്ഷം രൂപയുടെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBLന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി 2021'ൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ മണ്ഡലത്തിൽ 2535 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജക മണ്ഡലത്തിനും ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രം (ഊർജ്ജമിത്ര) അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. പൊതു ജനങ്ങൾക്കും, വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും, സ്ഥാപിക്കുന്നതിനും, പരിപാലിക്കുന്നതിനും ആവശ്യമായ അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കുക എന്നതാണ് ഊർജ്ജമിത്ര കേന്ദ്രങ്ങ ളുടെ പ്രധാന ചുമതല.  ഇതിനാവശ്യമായ സാങ്കേതിക പരിശീലനം അനെർട്ട് നൽകി വരുന്നു. സംരംഭകരുടെ മുതൽ മുടക്കിലാണ് ഇത് ആരംഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ